

**അനുസ്മരണം**

# അബ്ദുർറസാഖ് മദനി

**മലപ്പുറം:** പ്രമുഖ മുജാഹിദ് പണ്ഡിതനും കേരള ജംഇയ്യത്തുൽ ഉലമ(കെ.ജെ.യു) പ്രസിഡന്റുമായ വേങ്ങര വലിയോറ മെതുലാട് പി.കെ അബ്ദുർറസാഖ് മദനി (73) അന്തരിച്ചു.

കെ.എൻ.എം സംസ്ഥാന സെക്രട്ടറി, പുളിക്കൽ ജാമിഅ സലഫിയ ഡയറക്ടർ, പുളിക്കൽ മദീനത്തുൽ ഉലൂം ഓർഫനേജ് കറസ്പോണ്ടന്റ്, കേരള ഹിലാൽകമ്മിറ്റി സെക്രട്ടറി തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. മുജാഹിദ് യുവജന സംഘടനയായ ഐ.എസ്.എമ്മിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയാണ്. മുജാഹിദ് പിളർപ്പിനുശേഷം എ.പി അബ്ദുൽഖാദിർ മദനി നേതൃത്വം നൽകുന്ന ഗ്രൂപ്പിലാണ് അദ്ദേഹം പ്രവർത്തിച്ചത്. കേരളത്തിൽ ഇസ്‌ലാഹീ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ എം.സി.സി അബ്ദുർറഹ്മാൻ മൗലവിയുടെ പ്രമുഖ ശിഷ്യരിൽ ഒരാളായിരുന്ന റസാഖ് മൗലവി. 1954-ൽ പുളിക്കൽ മദീനത്തുൽ ഉലൂം അറബിക് കോളേജിൽ നിന്നും അഫ്ദലുൽ ഉലമ ബിരുദം കരസ്ഥമാക്കിയ അദ്ദേഹം ഹൈസ്കൂൾ അധ്യാപകനായിരുന്നു. കെ.ജെ.യു സെക്രട്ടറി, കെ.എൻ.എം വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി, വേങ്ങര മനാറുൽ ഹുദാ ഇസ്‌ലാമിക് എജുക്കേഷൻ കോംപ്ലക്സ് പ്രസിഡന്റ്, വഖഫ് ബോർഡ് അംഗം, മോങ്ങം അൻവാറുൽ ഇസ്‌ലാം അറബിക് കോളേജ് സെക്രട്ടറി തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. മുജാഹിദ് പ്രസ്ഥാനത്തിന്റെ നയരൂപവത്കരണത്തിലും സംഘാടനത്തിലും നാലുപതിറ്റാണ്ടോളം നേതൃപരമായ പങ്കുവഹിച്ചിരുന്നു. എഴുത്തുകാരനും പ്രഭാഷകനുമായ അദ്ദേഹം 'മുഹമ്മദ് നബി അനുപമ വ്യക്തിത്വം', രോഗികളുടെ നമസ്കാരം', ബൈബിളിന്റെ വിശ്വസനീയത, പരലോകത്തൊരു രാത്രി തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചയിതാവാണ്. മുഹമ്മദ് അമാനി മൗലവിയുടെ വിശുദ്ധ ഖുർആൻ വിവരണത്തിന്റെ പ്രസാധനത്തിലും കെ.എൻ.എം മദ്റസാ പുസ്തക രചനയിലും പങ്കുവഹിച്ചു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ - ആമീൻ.